LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിമൂലം ജീവഹാനിയും കൃഷിനാശവും

*8 [127] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

,, പി. കെ. അബ്ദുറബ്ബ് :

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മമ്മൂട്ടി:

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം കഠിനമായതുകൊണ്ടുണ്ടായ ജീവഹാനിയും കൃഷിനാശവും എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് കാലവർഷക്കെടുതി കൂടുതലായി ഉണ്ടായത് എന്നറിയിക്കാമോ;

(സി) ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം നൽകിയിട്ടുണ്ടോ;

(ഡി) ധനസഹായം നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 25-6-2004 വരെ ജില്ലകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ആകെ 84 പേർക്ക് ജീവഹാനി സംഭവിക്കുകയും 19680.20231 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിക്കുകയും 1,77,45,71,725 രൂപയുടെ കൃഷിനാശനഷ്ടം സംഭവിക്കുകയുമുണ്ടായി.

(ബി) മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, എറണാകുളം, കൊല്ലം, കോട്ടയം ജില്ലകളിലാണ് കാലവർഷക്കെടുതി കൂടുതലായി ഉണ്ടായത്.

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിലുള്ള മാനദണ്ഡമനുസരിച്ച് ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും, കുട്ടികൾക്ക് 15,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കൃഷിനഷ്ടത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ വഴി ധനസഹായം വിതരണം ചെയ്തുവരുന്നു.

(ഡി) 2-4-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 65/2002/ആർ.ഡി. ഉത്തരവ് പ്രകാരമാണ് അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നത്.